കൃഷ്ണൻനായരുടെ 6-3-55-ലെ പെറീഷനും, ശ്രീ. ടി. കെ. വറുഗീസ് വൈദ്യന്റെ 9-3-1955-ലെ കത്തും.

ഇവയെക്കുറിച്ചെല്ലാം അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഇല്ല.

Metalled road.

*725. [35] **Shri K. C. Abraham:** will the Minister for works be pleased to state;

(a) is there any constituency in the State which does not have at least a mile of metalled road;

(b) if so why are those parts of the State so neglected?

Minister for Works (**Shri K. I. Velayudhan**): (a) No.

(b) Does not arise in view of answer to (a).

കയർവ്യവസായസ്തംഭനം.

* 726. [45] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കയർവ്യവസായത്തിലെ സ്തംഭനാവസ്ഥ പരിഹരിക്കാൻ ഈ ഗവണ്മെന്റ് എന്തുനടപടികളാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ സഭ അംഗീകരിച്ച പ്രമേയമനുസരിച്ചുള്ള 15ലക്ഷം രൂപ എങ്ങനെ ചെലവുചെയ്യാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ):

(എ) കയർവ്യവസായത്തിലെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനും ഈ വ്യവസായത്തിലെ തൊഴിലാളികൾക്കു തുടർച്ചയായി ജോലി കിട്ടുന്നതിനുംവേണ്ടിയുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ഗവണ്മെന്റ് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ടുകിട്ടിയാലുടൻ വേണ്ടതു ചെയ്യുന്നതാണ്.

(ബി) ഈ സഭ അംഗീകരിച്ച പ്രമേയമനുസരിച്ചുള്ള 15 ലക്ഷം രൂപ എങ്ങനെ ചെലവുചെയ്യണമെന്നകാര്യം ഗവണ്മെന്റിന്റെ ഗാഢമായ പര്യാലോചനയിൽ ഇരിക്കയാണ്.

STARRED QUESTIONS POSTED FOR ANSWER ON 12-4-1955.

കൂട്ടനാട് കർഷകത്തൊഴിലാളിസമരം

* 727. [10] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 ഫെബ്രുവരി 24-ാം തീയതി പണിമുടക്കിയ കർഷകത്തൊഴിലാളികളെ കോട്ടയം പോലീസ് സൂപ്രിം ഇൻസ്പെക്ടരും പാട്ടിയും ചേർന്ന് മർദ്ദിച്ചതായി പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ഈ പരാതിയിന്മേൽ എന്തു നടപടി നടത്തി?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ): (എ) ഉണ്ട്.

(ബി) പരാതികളെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരുന്നപ്പോൾ മൂന്നുപേർ കേസ്സൊഴിഞ്ഞു. അതിനാൽ അന്വേഷണം നിർത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly